**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** **30-01-2024 - ൽ മറുപടിയ്ക്ക്**

**ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യവകുപ്പ് പരിശോധനാ വിഭാഗം നടത്തിയ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങളെ കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)- ൽ ആരംഭിച്ച പരിശോധന പൂർത്തിയായിട്ടുണ്ട്. പരിശോധനാ വേളയിൽ നൽകിയ അന്വേഷണകുറിപ്പുകൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാ വേളയിൽ അന്വേഷണ സംഘം ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്തുവരുന്നു. |
| (ബി) | പ്രസ്തുത അന്വേഷണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാകുംഎന്നും വ്യക്തമാക്കാമോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)- ൽ 11.01.2022-ൽ ആരംഭിച്ച പരിശോധന പൂർത്തിയായിട്ടുണ്ട് |
| (സി) | അന്വേഷണം അനന്തമായി നീളുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ